"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി **17.12.2024** മുതൽ **16.12.2025** വരെ നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.**883/2025/F&P** തീയതി,തിരുവനന്തപുരം, **16-12-2025**

---

പരാമർശം:-

1. സ.ഉ(സാധാ) നം. **306/2024**/മതുവ തീയതി **18.06.2024.**
2. സ.ഉ(സാധാ) നം. **889/2024**/മതുവ തീയതി **17.12.2024**
3. കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷണറുടെ **22.03.2025** ലെ **KFWFB/24/2025-F** നമ്പർ കത്ത്.
4. ഫിഷറീസ് ഡയറക്ടറുടെ **07.11.2025**-ലെ **DFTVM/1295/2024-N3** നമ്പർ കത്ത്.

**ഉത്തരവ്**

അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി **17.12.2024** മുതൽ **16.12.2025** വരെ നടപ്പാക്കുന്നതിന് **1.18** കോടി രൂപയുടെ ഭരണാനുമതിയും പദ്ധതി **17.12.2024** മുതൽ ഒരു വർഷത്തേക്ക് പുതുക്കുന്നതിന് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുമതി നൽകിയും നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ **2405-00-121-96** (പി) എന്ന ശീർഷകത്തിൽ നിന്ന് **47,20,000/-** രൂപ വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചും പരാമർശം **(1), (2)** പ്രകാരം ഉത്തരവായിട്ടുണ്ട്.

**2)** അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി സുഗമമായി നടപ്പിലാക്കുന്നതിനായി ഒരു മാർഗ്ഗരേഖ ആവശ്യമായതിനാൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിക്കണമെന്ന് ക്ഷേമനിധി ബോർഡ് കമ്മീഷണറും, ഫിഷറീസ് വകുപ്പ് ഡയറക്ടറും പരാമർശം **(3), (4)** പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

**3)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി **17.12.2024** മുതൽ **16.12.2025** വരെ അനുബന്ധത്തൊഴിലാളികൾക്കായി നടപ്പാക്കുന്നതിനായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷണർ പരാമർശം **(3)** പ്രകാരം സമർപ്പിച്ച പദ്ധതി നിബന്ധനകൾ, പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളുടെ നിരക്കുകൾ, ക്ലെയിം നടപടിക്രമ വ്യവസ്ഥകൾ, ക്ലെയിം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ, നിബന്ധനകൾ, കാലയളവ് എന്നിവയിലെ മാറ്റം വരുത്തൽ എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു. മാർഗ്ഗനിർദ്ദേശങ്ങൾ ഇതോടൊപ്പം അനുബന്ധമായി

ചേർക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**SAMEER KUMAR O J**
ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് /എ & ഇ) കേരളം, തിരുവനന്തപുരം.
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം.സി3/266/2024/മതുവ.)

ഉത്തരവിൻ പ്രകാരം

Signed by
Sabitha Shiju
സെക്ഷൻ ഓഫീസർ
Date: 16-12-2025 16:23:59

# കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്

## അനുബന്ധത്തൊഴിലാളി വ്യക്തിഗത അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

**(17.12.2024 മുതൽ 16.12.2025 വരെ)**

**<u>പദ്ധതി നിബന്ധനകൾ</u>**

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് 2024 വർഷം പ്രസിദ്ധീകരിച്ച അനുബന്ധത്തൊഴിലാളി പട്ടികയിൽ പേരുള്ളവർ മാത്രമായിരിക്കും ഈ ഇൻഷ്വറൻസ് പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെട്ടിട്ടുള്ളത്.

ഈ പദ്ധതിയുടെ കാലാവധി **17.12.2024 മുതൽ 16.12.2025 വരെ** ആയിരിക്കുന്നതാണ്.

ബാഹ്യവും അക്രമാസക്തവും ദൃശ്യവുമായ മാർഗങ്ങൾ മൂലമുണ്ടാകുന്ന അപകടത്തിൽ നിന്ന് നേരിട്ട് ഉണ്ടാകുന്ന മരണം, സ്ഥിരമായ അവശത, ഭാഗികമായ അവശത, ഏതെങ്കിലും ശാരീരിക പരിക്കുകൾ എന്നിവയ്ക്ക് മാത്രമാണ് നിബന്ധനകൾക്കനുസരിച്ച് പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനു അർഹതയുള്ളത്.

ഈ പദ്ധതി പ്രകാരം ബോർഡ് ഒരു ഗുണഭോക്താവിന് നൽകേണ്ട പരമാവധി ബാധ്യത തുക 10 ലക്ഷം രൂപ മാത്രമായിരിക്കും.

**<u>നിർവചനങ്ങൾ</u>**

ബോർഡ് എന്നാൽ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നാണ് അർത്ഥമാക്കുന്നത്.

അപകടം എന്നത് ബാഹ്യവും ദൃശ്യവും അക്രമാസക്തവുമായ മാർഗങ്ങൾ മൂലമുണ്ടാകുന്ന പെട്ടെന്നുള്ള, അപ്രതീക്ഷിതവും അനിയന്ത്രിതവുമായ സംഭവമാണ്.

പരിക്ക് എന്നാൽ ഒരു മെഡിക്കൽ പ്രാക്ടീഷണർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ ബാഹ്യവും അക്രമാസക്തവും ദൃശ്യവും വ്യക്തവുമായ മാർഗ്ഗങ്ങൾ മൂലമുണ്ടാകുന്ന അസുഖമോ രോഗമോ ഒഴികെയുള്ള ആകസ്മികമായ ശാരീരിക ഉപദ്രവം എന്നാണ് അർത്ഥമാക്കുന്നത്.

മെഡിക്കൽ പ്രാക്ടീഷണർ എന്നാൽ ഏതെങ്കിലും സംസ്ഥാനത്തിന്റെയോ മെഡിക്കൽ കൗൺസിലിന്റെയോ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെയോ കൗൺസിൽ ഫോർ ഇന്ത്യൻ മെഡിസിൻ അല്ലെങ്കിൽ ഹോമിയോപ്പതിയുടെയോ ഇന്ത്യാ ഗവൺമെന്റിന്റെയോ ഒരു സംസ്ഥാന സർക്കാരിന്റെയോ സാധുവായ രജിസ്ട്രേഷൻ കൈവശമുള്ളതും അതുവഴി അതിന്റെ അധികാരപരിധിക്കുള്ളിൽ മെഡിസിൻ പ്രാക്ടീസ് ചെയ്യാൻ അർഹതയുള്ള ആളാണ്.

## <u>പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളുടെ നിരക്കുകൾ</u>

1. Accidental death by any reason (this includes accidental death due to dog/snake bite, due to lightning, train accident (excluding suicide) and due to any unforeseen causes : Rs 10 Lakh

2. Permanent Total Disability (arising out of accident) : Rs 10 Lakh

   Permanent Total Disability means

(i) Loss of sight of both eyes or of actual loss by physical separation of the two entire hands or two entire feet or of one such loss of sight of one eye and such loss of one entire foot, or

(ii) Loss of use of two hands or two feet, or one foot, and one hand or of such loss of sight of one eye and such loss of use of one hand and one foot.

(iii) Any Permanent Total Disablement which prevents from doing any Work for livelihood.

3. Permanent Partial Disability (arising out of accident) : Rs 5 Lakh

Permanent Partial Disability means

(i) the loss of sight of one eye or of the actual loss by physical separation of one entire hand or of one entire foot,

(ii) Total and irrecoverable loss of use of a hand or a foot without physical separation

(iii) Any permanent partial Disablement which prevents from doing any work for livelihood

4. Hospitalization expense (arising out of accident) : Rs.25000/-

(The patient must be under treatment as in patient for minimum 24 hrs)

5. For the total and/or partial irrecoverable loss of use or of the actual loss by physical separation of the following, the percentage of capital sum insured as indicated below shall be payable.

| | | |
|---|---|---|
| (i) | Loss of toes | |
| | All | : 20 |
| | Great both phalanges | : 5 |
| | Great one phalanx | : 2 |
| | Other than great, if more than one toe lost each | : 1 |
| (ii) | Loss of hearing - both ears | : 50 |
| (iii) | Loss of hearing - one ear | : 15 |

| | | |
|---|---|---|
| (iv) | Loss of four fingers & thumb of one hand | : 40 |
| (v) | Loss of four fingers | : 35 |
| (vi) | Loss of thumb-both phalanges | : 25 |
| | One Phalanx | : 10 |
| (vii) | Loss of index finger | |
| | Three phalanx | : 6 |
| | Two phalanx | : 4 |
| | one phalanx | : 2 |
| (viii) | Loss of middle finger | |
| | Three phalanx | : 6 |
| | Two phalanx | : 4 |
| | one phalanx | : 2 |
| (ix) | Loss of ring finger | |
| | Three phalanx | : 5 |
| | Two phalanx | : 4 |
| | one phalanx | : 2 |
| (x) | Loss of little finger | |
| | Three phalanx | : 4 |
| | Two phalanx | : 3 |
| | one phalanx | : 2 |
| (xi) | Loss of Meta carpals | |
| | first or second ( Additional) | : 3 |
| | additional | : 1 |
| (xii) | Third, fourth or fifth (additional) | : 2 |
| (xiii) | Any other permanent partial disablement assessed by Medical Board | : Percentage |

6. Expense for carriage of dead body :

In the event of death of insured person due to accident as defined in the policy, outside his/her residence, the insurer shall reimburse, in addition to the comprehensive sum insured expenses incurred for transportation of insured's dead body to the place of residence and/or funeral expenses subject to a maximum of 2% of the capital sum insured or Rs.2500/- whichever is less.

7. Education Fund :

In the event of death or permanent total disablement of the insured due to accident as defined in the policy, the policy shall also provide compensation towards Education Fund for the dependent children as below:

i) If the insured person has one dependent child below the age of 23 years, an amount equal to 10% of the capital sum insured subject to a maximum of Rs.5000/-

ii) If the insured person has more than one dependent child below the age of 23 years an amount equal to 10% of capital sum insured subject to a maximum of Rs.10,000/-. The payment as above will be made along with the capital sum insured of the same person/s who is/are entitled to receive Capital Sum insured.

സ്വാഭാവിക കാരണങ്ങൾ മൂലമുള്ള മരണം, ഇൻഷ്വർ ചെയ്ത വ്യക്തിയുടെ വൈകല്യം മൂലമുണ്ടാകുന്ന പരിക്ക്, മനഃപൂർവ്വം സ്വയം മുറിവേൽപ്പിക്കൽ, ആത്മഹത്യ അല്ലെങ്കിൽ ആത്മഹത്യാശ്രമം, മദ്യത്തിന്റെയോ മയക്കമരുന്നിന്റെയോ സ്വാധീനത്തിൽ ഉണ്ടാകാവുന്ന മരണം, പരിക്ക്, ലൈംഗിക രോഗങ്ങൾ, എയ്ഡ്സ് അല്ലെങ്കിൽ ഭ്രാന്ത് എന്നിവയാൽ നേരിട്ടോ അല്ലാതെയോ ഉണ്ടാകാവുന്ന മരണം, പരിക്ക്, ഇൻഷ്വർ ചെയ്ത വ്യക്തി ക്രിമിനൽ

ഉദ്ദേശ്യത്തോടെ എന്തെങ്കിലും നിയമ ലംഘനം നടത്തുകയോ നടത്താൻ സഹായം നൽകുകയോ വഴി ഉണ്ടാകാവുന്ന മരണം, പരിക്ക് എന്നിവക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയില്ല. കുട്ടിയുടെ ജനനം മൂലമോ ഗർഭധാരണം മൂലമോ അല്ലെങ്കിൽ അതിന്റെ അനന്തരഫലമായോ ഉണ്ടായ മരണമോ പരിക്കോ വൈകല്യമോ പദ്ധതിയുടെ ഭാഗമല്ല.

**ക്ലെയിം നടപടിക്രമ വ്യവസ്ഥകൾ**

ഈ പദ്ധതി പ്രകാരമുള്ള ഒരു ക്ലെയിമിന് കാരണമായേക്കാവുന്ന ഏതെങ്കിലും അപകടം സംഭവിക്കുമ്പോൾ, എല്ലാ വിശദവിവരങ്ങളോടും കൂടിയ നിശ്ചിത മാതൃകയിലുള്ള അറിയിപ്പ് ഉടൻ ബോർഡിന് നൽകണം.

മരണമുണ്ടായാൽ, 7 ദിവസത്തിനകം രേഖാമൂലമുള്ള അറിയിപ്പ് നൽകണം. അപകടത്തിൽ പരിക്കേറ്റാൽ, അംഗവൈകല്യം സംഭവിച്ചാൽ ആശുപത്രി വിട്ടശേഷം 7 ദിവസത്തിനകം അതിന്റെ രേഖാമൂലമുള്ള അറിയിപ്പ് നൽകണം.

അറിയിപ്പ് നൽകി മൂന്നു മാസത്തിനകം ആവശ്യമായ എല്ലാ അസ്സൽ രേഖകൾ സഹിതം ക്ലെയിം അപേക്ഷ ബോർഡിന് സമർപ്പിച്ചിരിക്കണം.

**ക്ലെയിം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

**മരണം**

പ്രോഫോർമ

ഫിഷറീസ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട്

മേഖല എക്സിക്യൂട്ടിവിന്റെ അന്വേഷണ റിപ്പോർട്ട്

ക്ഷേമനിധി ബോർഡ് പാസ് ബുക്കിന്റെ പകർപ്പ്

അനുബന്ധത്തൊഴിലാളി പട്ടികയുടെ ബന്ധപ്പെട്ട പേജിന്റെ പകർപ്പ്

ആധാർ കാർഡ് പകർപ്പ് (തൊഴിലാളിയുടെയും അപേക്ഷകന്റെയും)

ബാങ്ക് പാസ് ബുക്ക് പകർപ്പ് (അപേക്ഷകന്റെ)

റേഷൻ കാർഡ് പകർപ്പ് (തൊഴിലാളിയുടെയും അപേക്ഷകന്റെയും)

മരണ സർട്ടിഫിക്കറ്റ്

പോലീസ് ഫൈനൽ റിപ്പോർട്ട്, മൊഴി,ഇൻക്വസ്റ്റ് റിപ്പോർട്ട്

പോസ്റ്റ് മോർട്ടം സർട്ടിഫിക്കറ്റ്

കെമിക്കൽ അനാലിസിസ് റിപ്പോർട്ട് (ആവശ്യമെങ്കിൽ)

മെഡിക്കൽ സർട്ടിഫിക്കറ്റ്

അനന്തരാവകാശ സർട്ടിഫിക്കറ്റ് / റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ്

സമ്മതപത്രം (ആവശ്യമെങ്കിൽ)

**ചികിത്സ ചെലവ് / അവശത ക്ലെയിം**

പ്രൊഫോർമ

ഫിഷറീസ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട്

മേഖല എക്സിക്യൂട്ടിവിന്റെ അന്വേഷണ റിപ്പോർട്ട്

ക്ഷേമനിധി ബോർഡ് പാസ് ബുക്കിന്റെ പകർപ്പ്

അനുബന്ധത്തൊഴിലാളി പട്ടികയുടെ ബന്ധപ്പെട്ട പേജിന്റെ പകർപ്പ്

ആധാർ കാർഡ് പകർപ്പ്

ബാങ്ക് പാസ് ബുക്ക് പകർപ്പ്

റേഷൻ കാർഡ് പകർപ്പ്

ടാബുലേഷൻ സ്റ്റേറ്റ്മെന്റ്

ഒ പി ടിക്കറ്റ്

ഒറിജിനൽമെഡിക്കൽ റിപ്പോർട്ട്

മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് (ആവശ്യമെങ്കിൽ)

ഒറിജിനൽ മെഡിക്കൽ ബില്ലുകൾ

ഒറിജിനൽ ഡിസ്ചാർജ് സമ്മറി

ഒറിജിനൽ ലാബ് റിപ്പോർട്ട്

ഒറിജിനൽ ബില്ല് അടച്ച രേഖ

ട്രീറ്റ്മെൻറ് സർട്ടിഫിക്കറ്റ്

ക്ലെയിമിനെ അടിസ്ഥാനമാക്കിയുള്ള എല്ലാ കാര്യങ്ങളിലും ബോർഡിന് തൃപ്തികരമായ തെളിവ് നൽകണം. കൂടുതലായി ആവശ്യമെന്ന് ബോർഡ് കരുതുന്ന ഏതെങ്കിലും രേഖ/ സാക്ഷ്യപത്രം/ പരിശോധനാ റിപ്പോർട്ട് രേഖാമൂലം ആവശ്യപ്പെട്ടാൽ പതിനാല് ദിവസത്തിനുള്ളിൽ ആയത് ബോർഡിന് നൽകേണ്ടതാണ്.

ആവശ്യമെങ്കിൽ ഇൻഷ്വർ ചെയ്ത വ്യക്തിയുടെ ഏതെങ്കിലും പരിക്കുകൾ അല്ലെങ്കിൽ വൈകല്യങ്ങൾ എന്നിവ പരിശോധിക്കാൻ ഒരു മെഡിക്കൽ ബോർഡിന് ശുപാർശ ചെയ്യാൻ ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും തീരുമാനം എടുക്കുന്നത് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മിഷണർ ആയിരിക്കുന്നതാണ്.

വഞ്ചന/തെറ്റായ പ്രതിനിധാനം: ഏതെങ്കിലും ക്ലെയിം വഞ്ചനാപരമായോ അല്ലെങ്കിൽ ഏതെങ്കിലും വഞ്ചനാപരമായ പ്രസ്താവനയോ രേഖയോ ഇൻഷ്വർ ചെയ്തയാളോ അല്ലെങ്കിൽ ഏതെങ്കിലും വ്യക്തിയോ നൽകുകയോ ആണെങ്കിൽ,

ഈ പദ്ധതിക്ക് കീഴിൽ ഏതെങ്കിലും തരത്തിലുള്ള ധനസഹായം നടത്താൻ ബോർഡ് ബാധ്യസ്ഥമായിരിക്കില്ല.

മാറ്റം വരുത്തൽ: ബോർഡിന്എപ്പോൾ വേണമെങ്കിലും, സർക്കാരിന്റെ അനുമതിയോടെഈ പദ്ധതിയുടെ നിബന്ധനകളിൽ മാറ്റം വരുത്തുന്നതിന് അധികാരമുണ്ടായിരിക്കും.

മാറ്റങ്ങൾ: ബോർഡിന് എപ്പോൾ വേണമെങ്കിലും, സർക്കാരിന്റെ അനുമതിയോടെ ഈ പദ്ധതിയുടെ കാലയളവ് സംബന്ധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും പദ്ധതി ഭാഗികമായോ പൂർണ്ണമായോ റദ്ദാക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.